## കേരള ശാസ്ത്രസാഹിത്യ പരിഷത്ത്

**1860ലെ XX1--ാം നമ്പർ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട് പ്രകാരം 1967-ജൂലൈ 14ന് രജിസ്റ്റർ ചെയ്തത്**

# ഭരണഘടന

**2016 മെയ് 27, 28, 29 തിയതികളിലായി കൊല്ലത്ത് ചേർന്ന ജനറൽ കൗൺസിൽ പാസാക്കിയ ഭേദഗതികൾ ഉൾപ്പെടുത്തിയത്.**

## കേരള ശാസ്ത്രസാഹിത്യ പരിഷത്ത്
## ഭരണഘടന

1. **പേര്**

ഈ സംഘടനയുടെ പേര്, കേരള ശാസ്ത്രസാഹിത്യപരിഷത്ത് എന്നായിരിക്കും. മേലിൽ പരിഷത്ത് എന്ന ചുരുക്കത്തിൽ അതിനെ പരാമർശിക്കുന്നതാണ്.

2. **കാര്യാലയവും മേൽവിലാസവും**

പരിഷത്തിന്റെ കേന്ദ്രകാര്യാലയം കോഴിക്കോട്ടായിരിക്കും. കേരള ശാസ്ത്രസാഹിത്യ പരിഷത്ത്, പരിഷദ് ഭവൻ, ചാലപ്പുറം, കോഴിക്കോട് 673002 എന്നായിരിക്കും മേൽവിലാസം. പരിഷത്തിന്റെ കേന്ദ്രനിർവാഹകസമിതി ഓഫീസ് ജനറൽ സെക്രട്ടറി എവിടെയാണോ അവിടെയായിരിക്കും.

3. **പ്രവർത്തനമണ്ഡലം**

കേരള സംസ്ഥാനമായിരിക്കും പരിഷത്തിന്റെ പ്രവർത്തന മണ്ഡലം.

4. **ഉദ്ദേശങ്ങൾ**

4.1 മലയാളത്തിലെ ശാസ്ത്രസാഹിത്യ സമ്പത്ത് വർധി പ്പിക്കുക.

4.2 ശാസ്ത്രത്തെ സാമാന്യജനങ്ങൾക്കിടയിൽ പ്രചരിപ്പിക്കുക, അവരിൽ ശാസ്ത്രീയവീക്ഷണം ഉണ്ടാക്കുക.

4.3 ശാസ്ത്രസാങ്കേതിക വിഷയങ്ങളിൽ നൈപുണ്യവും താല്പര്യവുമുള്ള മലയാളഭാഷാപ്രേമികളെ ശാസ്ത്രസാഹിത്യ രചനയ്ക്ക് പ്രോത്സാഹിപ്പിക്കുക.

4.4. സാമൂഹ്യമാറ്റത്തിനായി, ശാസ്ത്രത്തെ ആയുധമാക്കി വിദ്യാഭ്യാസം, പരിസരം, ആരോഗ്യം, വികസനം, സാമൂഹ്യനീതി, ലിംഗനീതി മുതലായ രംഗങ്ങളിൽ പ്രവർത്തനം നടത്തുക, അതിനുവേണ്ട പഠനഗവേഷണ പ്രവർത്തനങ്ങളിൽ ഏർപ്പെടുകയും അതിനാവശ്യമായ സ്ഥാപനങ്ങൾ നടത്തുകയും ചെയ്യുക.

4.5 കരിക്കുലം ഡെവലപ്മെന്റ്, അധ്യാപന, അധ്യയന മെറ്റീരിയലുകളുടെ നിർമാണം, വയോജനവിദ്യാഭ്യാസ പ്രവർത്തകർക്കുള്ള പരിശീലനം, സംസ്ഥാനത്തെ പ്രവൃത്യുന്മുഖ സാക്ഷരത, വയോജന വിദ്യാഭ്യാസപരിപാടി എന്നിവയ്ക്കാവശ്യമായ അക്കാദമിക-സാങ്കേതിക വിഭവങ്ങളുടെ സഹായം നൽകൽ എന്നിവയുൾപ്പെടെയുള്ള വിഭവവികസന പ്രവർത്തനങ്ങൾ നടപ്പിലാക്കാനാവശ്യമായ ഒരു സ്റ്റേറ്റ് റിസോഴ്സ് സെന്റർ (എസ്.ആർ.സി) സ്ഥാപിക്കുകയും നടത്തി

ക്കൊണ്ടുപോവുകയും ചെയ്യുക.

5. **പ്രവർത്തനങ്ങൾ**

5.1 ശാസ്ത്രസാങ്കേതിക വിഷയങ്ങളെ പുരസ്കരിച്ച് ചർച്ചായോഗങ്ങൾ സംഘടിപ്പിക്കുക.

5.2 ശാസ്ത്രസാഹിത്യ രചനയ്ക്ക് സഹായകങ്ങളായ ഗ്രന്ഥങ്ങളും മലയാളത്തിൽ ഇന്നേവരെ പ്രസിദ്ധീകരിച്ചിട്ടുള്ള ശാസ്ത്രഗ്രന്ഥങ്ങളും സംഭരിച്ച് ഗ്രന്ഥശാലകൾ ഉണ്ടാക്കുക.

5.3 ശാസ്ത്രസാഹിത്യാഭിവൃദ്ധിക്കുവേണ്ടിയുള്ള പ്രവർത്തനങ്ങൾക്ക് കേന്ദ്ര സംസ്ഥാന ഗവൺമെന്റുകളെയും മറ്റു ബന്ധപ്പെട്ട സംഘടനകളെയും പ്രോത്സാഹിപ്പിക്കുകയും പ്രേരിപ്പിക്കുകയും അങ്ങനെയുള്ള പ്രവർത്തനങ്ങളിൽ അവരുമായി സഹകരിക്കുകയും ചെയ്യുക.

5.4 ആനുകാലിക ശാസ്ത്രപ്രസിദ്ധീകരണങ്ങൾ നടത്തുകയും നിയന്ത്രിക്കുകയും ചെയ്യുക. പരിഷത്തിന്റെ ലക്ഷ്യങ്ങൾക്ക് അനുസൃതമായ പുസ്തകങ്ങൾ, ലഘുലേഖകൾ, ചാർട്ടുകൾ മുതലായവ പ്രസിദ്ധീകരിക്കുക, ശാസ്ത്രപ്രചാരണത്തിനുതകുന്ന കേന്ദ്രങ്ങൾ സ്ഥാപിക്കുക.

5.5 സാമാന്യജനങ്ങൾക്കിടയിൽ ശാസ്ത്രം പ്രചരിപ്പിക്കുന്നതിനായി ബഹുജനവിദ്യാഭ്യാസ പരിപാടികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുക.

5.6 പരിഷത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾക്കനുസൃതമായ മറ്റെല്ലാ പ്രവർത്തനങ്ങളും നടപ്പിലാക്കുക.

6. **ഔദ്യോഗികവർഷം**

പരിഷത്തിന്റെ ഔദ്യോഗികവർഷം ഏപ്രിൽ ഒന്ന് മുതൽ മാർച്ച് മുപ്പത്തിയൊന്ന് കൂടിയുള്ള സാമ്പത്തികവർഷമായിരിക്കും.

7. **അംഗത്വം**

7.1 **പരിഷത്ത് അംഗം:** പരിഷത്തിന്റെ പ്രവർത്തനങ്ങളിൽ താൽപ്പര്യമുള്ളവരും പരിഷത്തിന്റെ ഭരണഘടനയ്ക്ക് വിധേയരായി പ്രവർത്തിക്കാൻ തയ്യാറുള്ളവരും പതിനെട്ട് വയസ്സ് കഴിഞ്ഞവരുമായ ആർക്കും പരിഷത്തിൽ അംഗമാകാം. നിലവിൽ ആജീവനാംഗങ്ങളായി ചേർന്നിട്ടുള്ളവർക്ക് അംഗങ്ങളായി തുടരാവുന്നതാണ്. തുടരുന്നപക്ഷം പരിഷത്തംഗങ്ങളുടെ എല്ലാ അവകാശങ്ങളും ആജീവനാംഗങ്ങൾക്കും ലഭിക്കുന്നതാണ്. അംഗത്വം പുതുക്കുന്ന സമയത്ത് ആജീവനാംഗങ്ങളും അംഗത്വഫോറം പൂരിപ്പിച്ചു നൽകേണ്ടതാണ്.

7.2 **അംഗസംഘടന:** സമാനമായ ഉദ്ദേശ്യങ്ങളുള്ള സംഘടന

കൾക്ക് കേന്ദ്രനിർവാഹകസമിതി നിർദേശിക്കുന്ന വരിസംഖ്യ അടച്ച് പരിഷത്തിൽ അംഗസംഘടനകളായി ചേരാവുന്നതാണ്. അംഗസംഘടനകളുടെ അപേക്ഷകൾ സംസ്ഥാന ട്രഷറർക്ക് നേരിട്ടയക്കേണ്ടതാണ്.

7.2.1 **ശാസ്ത്രസമിതികൾ:** സാമാന്യജനങ്ങൾക്കിടയിൽ ശാസ്ത്രപ്രചാരണത്തിനായി വായനശാലകൾ, ഗ്രന്ഥശാലകൾ, കലാസമിതികൾ, സ്പോർട്സ് ക്ലബ്ബുകൾ, പണിശാലകൾ മുതലായ സ്ഥാപനങ്ങളോടനുബന്ധിച്ചോ അല്ലാതെയോ പരിഷത്ത്, ശാസ്ത്രസമിതികൾ സംഘടിപ്പിക്കുന്നതാണ്. ശാസ്ത്രസമിതി, പരിഷത്തിന്റെ പോഷകസംഘടനയെന്ന നിലയ്ക്ക് പ്രവർത്തിക്കും. ഇത്തരം സമിതികളുടെ ഭരണസമിതികളിൽ ഒരു പരിഷത്ത് അംഗമെങ്കിലും ഉണ്ടായിരിക്കണം.

7.3 **വിദ്യാർഥി വിഭാഗങ്ങൾ:** വിദ്യാർഥികൾക്കിടയിൽ പരിഷത്ത് പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുവാനും ഭാവിപ്രവർത്തകരെ വാർത്തെടുക്കുവാനുമായി പരിഷത്ത് പ്രസിദ്ധീകരണങ്ങളുടെ ആഭിമുഖ്യത്തിൽ വിദ്യാർഥിവിഭാഗങ്ങൾ പ്രവർത്തിക്കുന്നതായിരിക്കും. യുറീക്കയുടെ ആഭിമുഖ്യത്തിലുള്ളത് പ്രൈമറി സ്കൂൾ വിദ്യാർഥികൾക്കുവേണ്ടിയും ശാസ്ത്രകേരളത്തിന്റെ ആഭിമുഖ്യത്തിലുള്ളത് 18 വയസ്സിൽ താഴെയുള്ള പ്രൈമറിതലം കഴിഞ്ഞ വിദ്യാർഥികൾക്കുവേണ്ടിയും ആയിരിക്കും. ശാസ്ത്രഗതിയുടെ ആഭിമുഖ്യത്തിലുള്ളത് കോളേജ് വിദ്യാർഥികളെ ഉദ്ദേശിച്ചായിരിക്കും.

7.3.1 മേൽപറഞ്ഞ വിദ്യാർഥി വിഭാഗങ്ങൾ കേരള ശാസ്ത്രസാഹിത്യ പരിഷത്തിന്റെ പോഷക സംഘടനകളെന്ന നിലയിൽ പ്രവർത്തിക്കും.

7.3.2 മേൽപറഞ്ഞ പോഷക സംഘടനകൾക്കുവേണ്ട നിയമാവലി നിർദേശിക്കുവാനും അവയിലെ അംഗങ്ങളുടെ വരിസംഖ്യ നിശ്ചയിക്കുവാനും പരിഷത്തിന്റെ കേന്ദ്രനിർവാഹകസമിതിക്ക് അധികാരമുണ്ടായിരിക്കും. പോഷകസംഘടനകളുടെ പ്രവർത്തനങ്ങൾക്ക് മാർഗനിർദേശം നൽകുക, നിയന്ത്രിക്കുക, നേതൃത്വം നൽകുക എന്നിവയ്ക്കായി കൺവീനർമാരെ നിയോഗിക്കുവാനും കേന്ദ്രനിർവാഹകസമിതിക്ക് അധികാരമുണ്ടായിരിക്കും.

7.4 **വരിസംഖ്യ:** അംഗത്വവരിസംഖ്യയും പ്രവേശനഫീസും എത്രയെന്ന് പരിഷത്തിന്റെ കേന്ദ്രനിർവാഹകസമിതി കാലാകാലങ്ങളിൽ തീരുമാനിക്കുന്നതായിരിക്കും.

7.5 പരിഷത്തിൽ അംഗമാകാൻ ആഗ്രഹിക്കുന്നവർ നിശ്ചിതഫോറം പൂരിപ്പിച്ചശേഷം വരിസംഖ്യയും പ്രവേശനഫീസും അടച്ച് ഏതെങ്കിലും

ഒരു യൂണിറ്റുവഴി മേഖലാസെക്രട്ടറിക്ക് അപേക്ഷ അയക്കേണ്ടതാണ്. അംഗത്വകാലാവധി ഒരു ഔദ്യോഗികവർഷമായിരിക്കും.

7.6 വാർഷികവരിസംഖ്യ അടച്ച് അംഗത്വം പുതുക്കാത്തവർക്ക് അംഗമെന്ന നിലയിൽ യാതൊരു അവകാശവും ഉണ്ടാവുന്നതല്ല

**8. അംഗങ്ങളുടെ അവകാശങ്ങൾ**

8.1 പരിഷത്ത് സൗജന്യമായി വിതരണം ചെയ്യുന്ന എല്ലാ പ്രസിദ്ധീകരണങ്ങളും ലഭിക്കുവാൻ എല്ലാ അംഗങ്ങൾക്കും അവകാശമുണ്ടായിരിക്കും.

8.2 പരിഷത്തംഗങ്ങൾക്ക് മാത്രമേ പരിഷത്ത് ഭാരവാഹികളായി തെരഞ്ഞെടുക്കപ്പെടുന്നതിനും ഭാരവാഹികളെ തെരഞ്ഞെടുക്കുന്നതിനും അവകാശമുള്ളൂ.

8.3 പിരിഞ്ഞുപോകുന്ന അംഗങ്ങൾക്ക് പരിഷത്തിന്റെ ആസ്തികളിൽ യാതൊരവകാശവും ഉണ്ടായിരിക്കുന്നതല്ല.

8.4 അംഗങ്ങൾക്കും അംഗസംഘടനകൾക്കും ഏതേതു പ്രസിദ്ധീകരണങ്ങൾ സൗജന്യമായി നൽകണം എന്ന് കേന്ദ്രനിർവാഹക സമിതി തീരുമാനിക്കുന്നതാണ്.

**9. പരിഷത്തിന്റെ ഘടന**

9.1 **യൂണിറ്റ്:** പരിഷത്തിന്റെ അടിസ്ഥാനഘടകം യൂണിറ്റായിരിക്കും. പത്തോ അതിലധികമോ അംഗങ്ങൾ ചേർന്ന് ഒരു പുതിയ യൂണിറ്റ് താൽക്കാലികമായി രൂപീകരിക്കാം. ഈ താല്ക്കാലിക യൂണിറ്റിന്റെ പ്രവർത്തനക്ഷമത ബോധ്യപ്പെട്ടാൽ ജില്ലാ നിർവാഹകസമിതി യൂണിറ്റിന് അംഗീകാരം നൽകി കേന്ദ്രനിർവാഹകസമിതിയെ അറിയിക്കേണ്ടതാണ്. (ജില്ല എന്ന പദം റവന്യൂ ജില്ലയെ കുറിക്കുന്നു). ഓരോ അംഗവും ഏതെങ്കിലും യൂണിറ്റിൽ ഉൾപെട്ടിരിക്കണം. ഒരു യൂണിറ്റിലെ ആകെ അംഗത്വത്തിന്റെ 25% എങ്കിലും സ്ത്രീകളായിരിക്കണം.

9:1:1 **മേഖലാകൗൺസിൽ:** ഓരോ മേഖലയിലുമുള്ള യൂണിറ്റുകളിൽ നിന്നും മേഖലാകൗൺസിലിലേയ്ക്ക് തെരഞ്ഞെടുക്കപ്പെടുന്നവരുടെ മൊത്തം അംഗസംഖ്യ പരമാവധി നൂറ് (100) ആയിരിക്കും. മേഖലാ നിർവാഹകസമിതി കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന കണക്കിൽ യൂണിറ്റുകളിൽ നിന്നും അംഗസംഖ്യയ്ക്കാനുപാതികമായി തെരഞ്ഞെടുക്കപ്പെടുന്നവരാണ് മേഖലാ കൗൺസിൽ അംഗങ്ങൾ. ഇവർക്ക് പുറമേ, ആ മേഖലയിൽപെട്ട യൂണിറ്റ് സെക്രട്ടറിമാരും മേഖലാനിർവാഹക സമിതിയംഗങ്ങളും ഇന്റേർണൽ ഓഡിറ്റർമാരും ആ മേഖലയിൽപെട്ട ജില്ലാ, സംസ്ഥാന നിർവാഹക സമിതിയംഗങ്ങളും കൗൺസിൽ അംഗ

ങ്ങളായിരിക്കും.

9:1:2 **ജില്ലാകൗൺസിൽ:** മേഖലാകൗൺസിലുകളിൽ നിന്ന് ജില്ലാ കൗൺസിലിലേയ്ക്ക് തെരഞ്ഞെടുക്കപ്പെടുന്നവരുടെ മൊത്തം അംഗ സംഖ്യ പരമാവധി ഇരുനൂറ് ആയിരിക്കും. ജില്ലാ നിർവാഹക സമിതി കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന കണക്കിൽ മേഖലാ കൗൺ സിലുകളിൽ നിന്ന് ആനുപാതിക പ്രാതിനിധ്യം അനുസരിച്ച് തെര ഞ്ഞെടുക്കപ്പെടുന്നവരാണ് ജില്ലാ കൗൺസിൽ അംഗങ്ങൾ. ഇവർ ക്കുപുറമേ പഴയതും പുതിയതുമായ മേഖലാ പ്രസിഡണ്ട്, സെക്ര ട്ടറിമാർ, ജില്ലാനിർവാഹകസമിതി അംഗങ്ങൾ, ആ ജില്ലയിൽപെട്ട കേ ന്ദ്രനിർവാഹകസമിതി അംഗങ്ങൾ, ജില്ലയിലെ ഇന്റേണൽ ഓഡിറ്റർമാർ എന്നിവരും കൗൺസിൽ അംഗങ്ങളായിരിക്കും.

9:2 **ജനറൽ കൗൺസിൽ:** പരിഷത്തിന്റെ എല്ലാവിധ പ്രവർത്തനങ്ങൾക്കുമുള്ള അന്തിമമായ ചുമതലയും എല്ലാവിധ അധി കാരങ്ങളും നിക്ഷിപ്തമായിരിക്കുന്നത് ജനറൽ കൗൺസി ലിലായി രിക്കും. ജനറൽ കൗൺസിലിന്റെ ഘടന താഴെപറയും പ്രകാരമാ യിരിക്കും.

ജില്ലാ കൗൺസിലുകളിൽ നിന്നും ജനറൽ കൗൺസിലിലേക്ക് തെരഞ്ഞെടുക്കപ്പെടുന്നവരുടെ മൊത്തം അംഗസംഖ്യ പരമാവധി മുന്നൂറ് ആയിരിക്കും. കേന്ദ്രനിർവാഹകസമിതി കാലാകാലങ്ങളിൽ നിശ്ച യിക്കുന്ന കണക്കിൽ ജില്ലാകൗൺസിലിൽനിന്നും ആനുപാതിക പ്രാതിനിധ്യം അനുസരിച്ച് തെരഞ്ഞെടുക്കപ്പെടുന്നവരാണ് ജനറൽ കൗൺസിൽ അംഗങ്ങൾ. ഇവർക്കുപുറമെ കേന്ദ്രനിർവാഹകസമിതി അംഗങ്ങൾ, നിലവിലുള്ള ജില്ലാ സെക്രട്ടറി-പ്രസിഡണ്ടുമാർ, നിയുക്ത സെക്രട്ടറി-പ്രസിഡണ്ടുമാർ, കേന്ദ്ര ഇന്റേണൽ ഓഡിറ്റർമാർ എന്നിവരും ജനറൽ കൗൺസിലിലെ ഔദ്യോഗിക അംഗങ്ങളായിരിക്കും.

9:3 മേഖലാകൗൺസിൽ, ജില്ലാകൗൺസിൽ, ജനറൽ കൗൺസിൽ എന്നിവയിൽ ഓരോന്നിലും മൊത്തം അംഗസംഖ്യയുടെ 25% എങ്കിലും സ്ത്രീകളായിരിക്കണം.

## 10. യൂണിറ്റ്, മേഖല, ജില്ലാനിർവാഹക സമിതികൾ

10:1 **യൂണിറ്റ് നിർവാഹകസമിതി**: പരിഷത്ത് ജനറൽകൗൺസിലിന് രണ്ടുമാസംമുമ്പ് യൂണിറ്റിലെ എല്ലാ അംഗങ്ങളുടെയും യോഗം വിളിച്ചുകൂട്ടി യൂണിറ്റ് നിർവാഹകസമിതിയെ തെരഞ്ഞെടുക്കേണ്ടതും വിവരം മേൽഘടകങ്ങളെ അറിയിക്കേണ്ടതുമാണ്. പ്രസിഡണ്ട്, വൈസ് പ്രസിഡണ്ട്, സെക്രട്ടറി, ജോയിന്റ് സെക്രട്ടറി, മൂന്ന് അംഗങ്ങൾ എന്നിവര ടങ്ങുന്നതാണ് യൂണിറ്റ് നിർവാഹകസമിതി. (യൂണിറ്റിലെ ഏതെങ്കിലും

അംഗം മേഖല-ജില്ല- കേന്ദ്രനിർവാഹകസമിതിയിലുണ്ടെങ്കിൽ ആ അംഗത്തെ യൂണിറ്റ് നിർവാഹകസമിതി യോഗങ്ങളിലേക്ക് സ്ഥിരമായി ക്ഷണിക്കേണ്ടതാണ്.)

10.2 **മേഖലാനിർവാഹകസമിതി:** മേഖലാകൗൺസിൽ തെരഞ്ഞെടുക്കുന്ന പ്രസിഡണ്ട്, സെക്രട്ടറി, വൈസ്പ്രസിഡണ്ട്, ജോയിന്റ് സെക്രട്ടറി, ട്രഷറർ, 12 കമ്മിറ്റി അംഗങ്ങൾ, ആ മേഖലയിൽപെട്ട ജില്ലാ-കേന്ദ്രനിർവാഹകസമിതിയംഗങ്ങൾ എന്നിവരടങ്ങിയതാണ് മേഖലാ നിർവാഹകസമിതി. ഇവർക്കുപുറമേ മേഖലാ കൗൺസിലിനോട് നേരിട്ട് ഉത്തരവാദിത്തമുള്ള രണ്ട് ഇന്റേണൽ ഓഡിറ്റർമാരെ കൂടി മേഖലാകൗൺസിൽ തെരഞ്ഞെടുക്കേണ്ടതാണ്. മേഖലാ തെരഞ്ഞെടുപ്പുയോഗത്തിൽ ജില്ലാ നിർവാഹകസമിതി നിർദേശിക്കുന്ന ഒരാളായിരിക്കും അധ്യക്ഷത വഹിക്കുക.

10:3a **ജില്ലാ നിർവാഹക സമിതി:** ജില്ലാ കൗൺസിൽ തെരഞ്ഞെടുക്കുന്ന പ്രസിഡണ്ട്, സെക്രട്ടറി, രണ്ട് വൈസ് പ്രസിഡണ്ടുമാർ, രണ്ടു ജോയിന്റ് സെക്രട്ടറിമാർ, ട്രഷറർ, ഇരുപത്തേഴിൽ കവിയാതെ ജില്ലാകമ്മിറ്റി അംഗങ്ങൾ, ആ ജില്ലയിലെ മേഖലാ സെക്രട്ടറിമാർ, ആ ജില്ലയിലെ കേന്ദ്രനിർവാഹകസമിതി അംഗങ്ങൾ എന്നിവരടങ്ങുന്നതാണ് ജില്ലാനിർവാഹകസമിതി. തെരഞ്ഞെടുപ്പ് യോഗത്തിൽ അധ്യക്ഷത വഹിക്കുന്നത് കേന്ദ്രനിർവാഹകസമിതി നിർദേശിക്കുന്ന ഒരാൾ ആയിരിക്കും.

10:3b ജില്ലാ കൗൺസിൽ, കൗൺസിലിനോട് നേരിട്ട് ഉത്തരവാദിത്തമുള്ള രണ്ട് ഇന്റേണൽ ഓഡിറ്റർമാരെ കൂടി തെരഞ്ഞെടുക്കേണ്ടതാണ്.

10:4 എല്ലാ നിർവാഹകസമിതികളുടെയും കാലാവധി ഒരു വർഷമായിരിക്കും.

10:4a യൂണിറ്റ്-മേഖല-ജില്ല-കേന്ദ്രനിർവാഹകസമിതിയിലെ ആകെ അംഗങ്ങളുടെ 25% എങ്കിലും സ്ത്രീകളായിരിക്കണം.

10.5 ഓരോ യൂണിറ്റിൽ നിന്നും തെരഞ്ഞെടുക്കുന്ന യൂണിറ്റ് നിർവാഹകസമിതികൾ അതാത് യൂണിറ്റിലെ പ്രവർത്തനങ്ങൾക്ക് പൂർണ്ണമായും ഉത്തരവാദപ്പെട്ടിരിക്കും.

10.6 ഓരോ മേഖലയിലുമുള്ള യൂണിറ്റുകളുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുകയും അവയുടെ പ്രവർത്തനങ്ങൾക്ക് മാർഗനിർദേശം നൽകുകയും ആണ് മേഖലാനിർവാഹകസമിതിയുടെ ചുമതല. ജില്ലാനിർവാഹകസമിതിയുടെ നിർദേശപ്രകാരം തങ്ങളുടെ മേഖലയിൽ പരിഷദ്പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുകയെന്നതും മേഖലാ

നിർവാഹകസമിതിയുടെ ചുമതലയാണ്.

10.7 യൂണിറ്റുകളേയും മേഖലാനിർവാഹകസമിതികളേയും കേന്ദ്രക്കമ്മറ്റിയുമായി യോജിപ്പിക്കുന്ന കണ്ണിയായി ജില്ലാനിർവാഹകസമിതി പ്രവർത്തിക്കുകയും യൂണിറ്റുകൾ, മേഖലകൾ എന്നിവയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും റവന്യൂ ജില്ലാടിസ്ഥാനത്തിൽ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുകയും ചെയ്യുകയെന്നതാണ് ജില്ലാ നിർവാഹകസമിതിയുടെ ചുമതല.

**11. കേന്ദ്രനിർവാഹകസമിതി**

11:1:a പ്രസിഡണ്ട്, രണ്ട് വൈസ് പ്രസിഡണ്ടുമാർ, ജനറൽ സെക്രട്ടറി, മൂന്ന് സെക്രട്ടറിമാർ, ട്രഷറർ, ജില്ലാസെക്രട്ടറിമാർ, അംഗത്വം തുടരുന്ന പക്ഷം തൊട്ടുമുൻ പ്രസിഡണ്ടും ജനറൽ സെക്രട്ടറിയും എന്നിവ രടക്കം പരമാവധി 65 (അറുപത്തിയഞ്ച്) പേർ അടങ്ങുന്നതായിരിക്കും കേന്ദ്ര നിർവാഹകസമിതി. ഇതിൽ ജില്ലാസെക്രട്ടറിമാർ, മുൻ പ്രസിഡണ്ട്, മുൻ ജനറൽ സെക്രട്ടറി എന്നിവരൊഴികെ മറ്റുള്ളവരെ തെരഞ്ഞെടുക്കുന്നത് ജനറൽ കൗൺസിൽ ആയിരിക്കും.

11:1:b **ഉപസമിതികൾ :** നിർവാഹകസമിതിക്ക് അതിന്റെ പ്രവർത്തനങ്ങളിൽ സഹായിക്കുന്നതിനായി ആവശ്യമായ ഉപസമിതികൾ അതാത് അവസരങ്ങളിൽ ഉണ്ടാക്കാവുന്നതാണ്.

11:1:ci SRC (State Resource Centre) യ്ക്ക് ഒരു ഗവേണിങ്ങ് ബോഡി ഉണ്ടായിരിക്കും. (അല്ലെങ്കിൽ ഗവേണിങ്ങ് ബോഡിയായി പ്രവർത്തിക്കുന്ന SRCയുടെ എക്സിക്യൂട്ടീവ് കമ്മിറ്റി) പൂർണ്ണമായും ഭരണ-സാമ്പത്തിക പ്രവർത്തന സ്വയംഭരണാവകാശമുള്ള ഒരു പ്രത്യേക ഭരണഘടകമായ SRCയുടെ മാനേജ്മെന്റ് ഈ സംഘടനയുടെ നിയമാവലിപ്രകാരം മേൽപറഞ്ഞ ഗവേണിങ്ങ് ബോഡിയിൽ നിക്ഷിപ്തമാണ്.

11:1:cii SRCയുടെ ഗവേണിങ്ങ് ബോഡിയുടെ (എക്സിക്യൂട്ടീവ് കമ്മിറ്റി) ഭരണഘടനയും ഇതിലെ അംഗങ്ങളുടെ ചുമതലകളും ഇതിന്റെ അധികാരങ്ങളും കടമകളും SRCയുടെ മാനേജ്മെന്റിനുവേണ്ടിയുള്ള നിയമാവലിയിൽ പറഞ്ഞിരിക്കുന്നത് തന്നെയായിരിക്കും.

11:1:ciii SRCയുടെ ഗവേണിങ്ങ് ബോഡിയുടെയോ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെയോ ഇതുപോലുള്ള ആവശ്യമായിവരുന്ന മറ്റു സ്ഥാപനങ്ങളുടെയോ ഭരണഘടനയും അധികാരങ്ങളും കടമകളും കാലാനുസൃതമായി പരിഷ്കരിച്ചുകൊണ്ടിരിക്കും.

SRCയുടെ ഗവേണിങ്ങ് ബോഡി/എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങളുടെ തെരഞ്ഞെടുപ്പ്, നിയമനം, സ്വസ്ഥാനത്ത് തുടരൽ, ഒഴിവുകൾ നികത്തൽ തുടങ്ങി ഈ സംവിധാനവുമായി ബന്ധപ്പെട്ട എല്ലാ

കാര്യങ്ങളും പരിഗണനയ്ക്കെടുക്കാവുന്നതാണ്. ഈ മെമ്മോറാണ്ടം പ്രകാരമുള്ള മറ്റെല്ലാ കാര്യങ്ങളും SRCമാനേജ്മെന്റിന്റെ നിയമാവലി പ്രകാരം പരിഗണിക്കാവുന്നതാണ്.

11:1:d ജനറൽ കൗൺസിലിനോട് നേരിട്ട് ഉത്തരവാദിത്തമുള്ള രണ്ട് ഇന്റേണൽ ഓഡിറ്റർമാരെ കൗൺസിലിൽ നിന്നും തെരഞ്ഞെടുക്കേണ്ടതാണ്.

11:2 കേന്ദ്രനിർവാഹകസമിതി ഭാരവാഹികളുടെയും അംഗങ്ങളുടെയും ഔദ്യോഗിക കാലാവധി ഒരു ഔദ്യോഗിക വർഷമായിരിക്കും.

11:3 **കേന്ദ്രനിർവാഹകസമിതിയുടെ ചുമതലകൾ**

11:3:1 പരിഷത്ത് യൂണിറ്റ്, മേഖല, ജില്ലാ അടിസ്ഥാനത്തിലല്ലാത്ത എല്ലാ പ്രവർത്തനങ്ങൾക്കും കേന്ദ്രനിർവാഹകസമിതി നേരിട്ട് ചുമതലപ്പെട്ടിരിക്കും.

11:3:2 ആനുകാലികവും അല്ലാത്തതുമായ പ്രസിദ്ധീകരണങ്ങൾ, കേന്ദ്ര-സംസ്ഥാന സർക്കാരുകളുമായുള്ള കത്തിടപാടുകൾ, അവരുമായി സഹകരിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ, മറ്റു ഭാഷകളിലെ സമാന സംഘടനകളുമായുള്ള സമ്പർക്കങ്ങൾ എന്നിവയെല്ലാം കേന്ദ്രനിർവാഹകസമിതിയുടെ ചുമതലകളാണ്.

11:3:3 പരിഷത്തിന്റെ നയപരമായ തീരുമാനങ്ങൾ, സ്ഥാവര-ജംഗമസ്വത്തുക്കളുടെ ക്രയവിക്രയാധികാരം, ഫണ്ടുപിരിക്കൽ മുതലായവയും കേന്ദ്രനിർവാഹകസമിതിയുടെ ചുമതലയായിരിക്കും.

11:4 **പരിഷത്ത് പ്രസിഡണ്ട്:**

11:4:1 പരിഷത്തിന്റെ ജനറൽ കൗൺസിൽ യോഗത്തിൽ വച്ച് തെരഞ്ഞെടുക്കപ്പെടുന്ന പ്രസിഡണ്ട്, കേന്ദ്രനിർവാഹകസമിതിയോടുകൂടി പരിഷത്തിന്റെ എല്ലാ പ്രവർത്തനങ്ങൾക്കും ഉത്തരവാദപ്പെട്ടിരിക്കുന്നു. പരിഷത്തിന്റെ കേന്ദ്രനിർവാഹക സമിതിയോഗങ്ങളുടെയും ജനറൽ കൗൺസിൽ യോഗത്തിന്റെയും അധ്യക്ഷത വഹിക്കുന്നത് പരിഷത്ത് പ്രസിഡണ്ടായിരിക്കും.

11:4:2 യോഗത്തിൽ അധ്യക്ഷത വഹിക്കുന്ന ആളിന് സ്വന്തം വോട്ടിനു പുറമേ ഒരു നിർണ്ണായക വോട്ടുകൂടി ഉണ്ടായിരിക്കുന്നതാണ്.

11:4:3 കേന്ദ്രനിർവാഹകസമിതിയുടെ അംഗീകാരത്തോടെ പരിഷത്തിന്റെ സ്ഥാവര-ജംഗമവസ്തുക്കളുടെ ക്രയവിക്രയം നടത്തുക, പ്രവർത്തനങ്ങൾക്കുവേണ്ടിവരുന്ന വായ്പ വാങ്ങുക, പരിഷത്തിനു വേണ്ടി വ്യവഹാരങ്ങൾ നടത്തുകയും, നടത്തപ്പെടുകയം ചെയ്യുക എന്നിവ പ്രസിഡണ്ടിന്റെ പേരിലായിരിക്കും.

**11.5 വൈസ് പ്രസിഡണ്ടുമാർ**

11:5:1 പരിഷത്ത് പ്രസിഡണ്ടിനെ ചുമതലകൾ നിറവേറ്റുന്നതിൽ സഹായിക്കുകയും അദ്ദേഹമില്ലാത്ത അവസരങ്ങളിൽ ആ സ്ഥാനം വഹിക്കുകയും ചെയ്യുന്നത് വൈസ് പ്രസിഡണ്ടുമാരുടെ ചുമതലയാണ്.

**11:6 ജനറൽ സെക്രട്ടറി**

11:6:1 പരിഷത്തിന്റെ സംഘടനാപ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുക, ദൈനംദിന പ്രവർത്തനങ്ങൾ കൊണ്ടുനടത്തുക, ഉപസമിതി കളുടെ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുക, യോഗങ്ങൾ വിളിച്ചു കൂട്ടുക എന്നിവയെല്ലാം ജനറൽ സെക്രട്ടറിയുടെ ചുമതലകളാണ്.

**11:7 ട്രഷറർ**

11:7:1 പരിഷത്തിന്റെ വരവു ചെലവ് കണക്കുകൾ സൂക്ഷിക്കുക, ജനറൽ സെക്രട്ടറിയുടെ നിർദേശമനുസരിച്ച് ബാങ്ക് അക്കൗണ്ട് നടത്തുക, അംഗത്വ രജിസ്റ്റർ സൂക്ഷിക്കുക എന്നിവ ട്രഷററുടെ ചുമതലകളാണ്.

**11:8 സെക്രട്ടറിമാർ**

11:8:1 ജനറൽ സെക്രട്ടറിയെ പ്രവർത്തനങ്ങളിൽ സഹായിക്കുക, അദ്ദേഹം ഏല്പിക്കുന്ന ചുമതലകൾ ഏറ്റെടുത്ത് നടത്തുക എന്നിവ സെക്രട്ടറിമാരുടെ ചുമതലകളാണ്.

**12. നിർവാഹകസമിതി യോഗങ്ങൾ**

12.1 യൂണിറ്റ്, മേഖലാ, ജില്ലാ, നിർവാഹകസമിതികൾ

12:1:1 പ്രസിഡണ്ടിനോ സെക്രട്ടറിക്കോ നിർവാഹകസമിതി യോഗം വിളിച്ചു കൂട്ടാവുന്നതാണ്. അഞ്ചിൽ കുറയാത്ത നിർവാഹക സമിതി അംഗങ്ങൾ (യൂണിറ്റിന് മൂന്ന്) രേഖാമൂലം ആവശ്യപ്പെട്ടാൽ യൂണിറ്റ്, മേഖലാ, ജില്ലാസെക്രട്ടറിമാർ നിർവാഹകസമിതിയോഗം വിളിച്ചു കൂട്ടേണ്ടതാണ്.

12:1:2 യോഗവിവരം ഏഴുദിവസം മുമ്പെങ്കിലും അംഗങ്ങളെ അറിയി ച്ചിരിക്കണം.

12:1:3 യോഗത്തിന്റെ ക്വാറം ആറ് ആയിരിക്കും (യൂണിറ്റിന് നാല്).

12:1:4 ഭൂരിപക്ഷമനുസരിച്ച് യോഗം തീരുമാനമെടുക്കും.

12:1:5 ജില്ലാനിർവാഹകസമിതി കൊല്ലത്തിൽ നാലുപ്രാവശ്യമെങ്കിലും കൂടേണ്ടതും യൂണിറ്റ്-മേഖലാനിർവാഹകസമിതികളുടെ പ്രവർത്തന ങ്ങൾക്ക് മേൽനോട്ടം വഹിക്കേണ്ടതുമാണ്.

**12:2 കേന്ദ്രനിർവാഹകസമിതി**

12:2:1 പ്രസിഡണ്ടിനോ ജനറൽ സെക്രട്ടറിക്കോ കേന്ദ്രനിർവാഹക

സമിതിയോഗം വിളിച്ചുകൂട്ടാവുന്നതാണ്. കേന്ദ്രനിർവാഹക സമിതിയിലെ 15 അംഗങ്ങൾ രേഖാമൂലം ആവശ്യപ്പെട്ടാൽ ജനറൽ സെക്രട്ടറി ഒരു മാസത്തിനകം കേന്ദ്രനിർവാഹകസമിതി വിളിച്ചു കൂട്ടണം.

12:2:2 യോഗവിവരം ഏഴുദിവസം മുമ്പെങ്കിലും അംഗങ്ങളെ അറിയിച്ചിരിക്കണം.

12:2:3 യോഗത്തിന്റെ ക്വാറം 17 ആയിരിക്കും.

12:2:4 ഭൂരിപക്ഷമനുസരിച്ച് യോഗം തീരുമാനമെടുക്കുന്നതായിരിക്കും.

12:2:5 കേന്ദ്രനിർവാഹകസമിതി ആറു മാസത്തിലൊരിക്കലെങ്കിലും യോഗം കൂടേണ്ടതാണ്.

## 13. ജില്ലാ കൗൺസിൽ

13:1 പരിഷത്തിന്റെ ജനറൽ കൗൺസിൽ യോഗത്തിന് 14 ദിവസം മുമ്പെങ്കിലും ജില്ലാ കൗൺസിൽ വിളിച്ചുകൂട്ടേണ്ടതാണ്.

13:2 ജില്ലാ നിർവാഹകസമിതിക്ക് ആവശ്യമെന്നു തോന്നുന്ന മറ്റവസരങ്ങളിലും ജില്ലാ കൗൺസിൽ യോഗം വിളിച്ചുകൂട്ടാവുന്നതാണ്.

13:3 യോഗവിവരം ഏഴുദിവസം മുമ്പെങ്കിലും അംഗങ്ങളെ അറിയിച്ചിരിക്കണം.

13:4 യോഗത്തിന്റെ ക്വാറം 25 ശതമാനമോ 15 അംഗങ്ങളോ ഏതാണ് കുറവെങ്കിൽ അതായിരിക്കും. ക്വാറം തികയാത്തപക്ഷം യോഗം മാറ്റിവയ്ക്കേണ്ടതും ഒരാഴ്ചക്കുശേഷം വീണ്ടും വിളിച്ചുകൂട്ടുന്ന യോഗത്തിൽ ക്വാറത്തിന്റെ ആവശ്യമില്ലാത്തതും ആകുന്നു.

13:5 ജില്ലാ പ്രസിഡണ്ടിനോ സെക്രട്ടറിക്കോ, സ്വന്തമായോ പത്ത് അംഗങ്ങൾ ആവശ്യപ്പെട്ട പ്രകാരമോ യോഗം വിളിച്ചുകൂട്ടാവുന്നതാണ്. ഇപ്രകാരം വിളിച്ചുകൂട്ടുന്ന യോഗങ്ങൾക്കും 13:3, 13:4 എന്നീ ഉപവകുപ്പുകൾ ബാധകമായിരിക്കും.

## 14. ജില്ലാകൗൺസിൽ യോഗത്തിന്റെ അധികാരങ്ങൾ

14:1 ജില്ലാപ്രസിഡണ്ട്, സെക്രട്ടറി, ട്രഷറർ, നിർവാഹകസമിതി അംഗങ്ങൾ എന്നിവരെ തെരഞ്ഞെടുക്കുക, നീക്കംചെയ്യുക, നിർവാഹക സമിതിക്കുവേണ്ട നിർദേശങ്ങൾ നൽകുക, നിർവാഹകസമിതി തീരുമാനങ്ങളെ ശരിവയ്ക്കുകയോ റദ്ദാക്കുകയോ ചെയ്യുക, ജില്ലാ-മേഖലാ-യൂണിറ്റുകളുടെ വരവുചെലവു കണക്കുകൾ പരിശോധിക്കുക എന്നിവ ജില്ലാകൗൺസിൽ യോഗത്തിന്റെ അധികാരങ്ങളാണ്.

14.2 ജില്ലാകൗൺസിൽയോഗം ഭൂരിപക്ഷമനുസരിച്ച് തീരുമാനങ്ങൾ കൈക്കൊള്ളേണ്ടതാണ്.

15. **വാർഷിക കൗൺസിൽ**

15:1 പരിഷത്തിന്റെ ഔദ്യോഗിക വർഷം അവസാനിക്കുന്നതിനെ തുടർന്ന് ജനറൽകൗൺസിൽ യോഗം വിളിക്കേണ്ടതാണ്.

15:2 ജനറൽകൗൺസിൽ ചേരുന്ന വിവരം ചുരുങ്ങിയത് 14 ദിവസം മുമ്പെങ്കിലും ജനറൽസെക്രട്ടറി, അംഗങ്ങളെ അറിയിക്കേണ്ടതാണ്.

15:3 വാർഷിക കൗൺസിലിന്റെ ക്വാറം മൊത്തം കൗൺസിലിന്റെ 1/8 ഭാഗം അഥവാ 60 അംഗങ്ങൾ ഇവയിൽ കുറവേതോ അതായിരിക്കും.

16. **തെരഞ്ഞെടുപ്പ്**

16:1 നിർവാഹകസമിതിയിലെ ഭാരവാഹികളും അംഗങ്ങളും തെരഞ്ഞെടുക്കപ്പെട്ടവരായിരിക്കും.

16:2 യൂണിറ്റ് നിർവാഹകസമിതികൾ യൂണിറ്റ് യോഗത്തിലും മേഖലാ നിർവാഹകസമിതികൾ മേഖലാകൗൺസിൽ യോഗത്തിലും ജില്ലാ നിർവാഹകസമിതികൾ ജില്ലാകൗൺസിൽ യോഗത്തിലും കേന്ദ്ര നിർവാഹകസമിതി അംഗങ്ങളും മറ്റുഭാരവാഹികളും ജനറൽ കൗൺസിൽ യോഗത്തിലും തെരെഞ്ഞെടുക്കപ്പെടും.

16:3 സന്നിഹിതരായ കൗൺസിൽ അംഗങ്ങൾക്ക് മാത്രമേ വോട്ടവകാശമുള്ളൂ

16:4 }
16:5 } 2016ൽ കൊല്ലത്തു ചേർന്ന ജനറൽ കൗൺസിലിൽ വച്ച് ഒഴിവാക്കി

16:6 പരിഷത്തിന്റെമേഖലാ-ജില്ലാ-കേന്ദ്രനിർവാഹകസമിതിയിലേക്ക് തെരഞ്ഞെടുക്കപ്പെടുന്നവർ യഥാക്രമം മേഖലാകൗൺസിൽ, ജില്ലാ കൗൺസിൽ, ജനറൽകൗൺസിൽ എന്നിവയിൽ അംഗങ്ങളായിക്കൊള്ളണമെന്നില്ല.

17. **അവിശ്വാസപ്രമേയം**

യൂണിറ്റിന്റെയോ മേഖലയുടെയോ ജില്ലയുടെയോ ഔദ്യോഗിക ഭാരവാഹികളിലോ നിർവാഹക സമിതിയിൽ ഒന്നിച്ചോ അവിശ്വാസം രേഖപ്പെടുത്തുന്നതിന്, അതിനുമാത്രമായി വിളിച്ചുകൂട്ടുന്ന യൂണിറ്റ്-മേഖലാ-ജില്ലാകൗൺസിൽ യോഗത്തിൽ മൂന്നിൽരണ്ട് ഭൂരിപക്ഷം ഉണ്ടായിരിക്കേണ്ടതാണ്.

കേന്ദ്രനിർവാഹകസമിതിയിലെ ഔദ്യോഗികഭാര വാഹികളിലോ അംഗങ്ങളിലോ അവിശ്വാസം രേഖപ്പെടുത്തുവാൻ 16:3, 17 ന്റെ പൂർവ്വഭാഗം എന്നീ വകുപ്പുകൾ അനുസരിച്ച് പ്രവർത്തിക്കേണ്ടതാണ്.

പ്രസ്തുത യോഗത്തിൽ ക്വാറം കൗൺസിൽ അംഗസംഖ്യയുടെ 30 ശതമാനമായിരിക്കും.

18. **ഭരണഘടനാഭേദഗതി**

18:1 അജണ്ടയിൽ ഭരണഘടനാഭേദഗതി ഉൾപ്പെടുത്തി വിളിച്ചു കൂട്ടുന്ന ജനറൽ കൗൺസിലിൽ ഭൂരിപക്ഷപ്രകാരം ഭരണഘടനാ ഭേദഗതികൾ വരുത്താവുന്നതാണ്. ഭരണഘടനാ ഭേദഗതികൾ ചർച്ച ചെയ്യുന്ന യോഗത്തിന്റെ ക്വാറം ജനറൽ കൗൺസിൽ അംഗസംഖ്യയുടെ 1/8 ഭാഗം അഥവാ 60 ഇവയിൽ കുറവേതോ അതായിരിക്കും.

18:2 ആദായനികുതി കമ്മീഷണറുടെ മുൻകൂട്ടിയുള്ള അംഗീകാരം ഇല്ലാതെ ഭരണഘടനയിൽ യാതൊരുവിധ ദേദഗതിയും വരുത്തുവാൻ പാടുള്ളതല്ല.

19. **ധനകാര്യം**

19:1 അംഗങ്ങളിൽ നിന്ന് ലഭിക്കുന്ന പ്രവേശനഫീസ് കേന്ദ്രനിർവാഹകസമിതിക്ക് കൊടുക്കേണ്ടതാണ്.

19:2 അംഗത്വഫീസ് (പ്രവേശനഫീസ് മാറ്റി) യൂണിറ്റ്, മേഖലാ, ജില്ലാ, കേന്ദ്രനിർവാഹകസമിതികൾക്ക് എപ്രകാരം വീതിച്ചുകൊടു ക്കണമെന്ന് കേന്ദ്രനിർവാഹകസമിതി കാലാകാലങ്ങളിൽ നിശ്ചയിക്കുന്നതായിരിക്കും.

19:3 പരിഷത്തിന്റെ ആസ്തിയോ പ്രസിദ്ധീകരണങ്ങളിൽ നിന്ന് ലഭിച്ചേക്കാവുന്ന ആദായമോ പരിഷത്ത് അംഗങ്ങൾക്ക് വീതിച്ചു കിട്ടുവാൻ യാതൊരു അവകാശവും ഉണ്ടായിരിക്കുന്നതല്ല.

19:4 പ്രസിദ്ധീകരണങ്ങളിൽ നിന്ന് ലഭിച്ചേക്കാവുന്ന ആദായം 5:1, 5:2, 5:3, 5:4, 5:5, 5:6 എന്നീ വകുപ്പുകളിൽ പറഞ്ഞിട്ടുള്ള പ്രവർത്തനങ്ങൾക്കുവേണ്ടി മാത്രം വിനിയോഗിക്കാവുന്നതാണ്.

19:5 കേന്ദ്രനിർവാഹകസമിതിയുടെ അംഗീകാരത്തോടെ യൂണിറ്റ്, മേഖല, ജില്ലാ നിർവാഹകസമിതികൾക്ക് അവയുടെ പ്രവർത്തനത്തിന് ആവശ്യമായ സംഭാവനകൾ പിരിക്കാവുന്നതാണ്. അത്തരം ഫണ്ടുകളുടെ കണക്ക് കേന്ദ്രനിർവാഹകസമിതിയെ ബോധ്യപ്പെടുത്തേണ്ടതാണ്.

19:6 കേന്ദ്രനിർവാഹകസമിതിയുടെ അംഗീകാരത്തോടെ പ്രസിദ്ധീകരണങ്ങളുടെ നടത്തിപ്പിന് പണം കടമായി വാങ്ങുന്നതിന് മാനേജിങ്ങ് എഡിറ്റർമാർക്ക് അധികാരമുണ്ടായിരിക്കും. മാസികകൾക്ക് അതാത് മാസികകളുടെ എഡിറ്ററുടെയും മാനേജിങ്ങ് എഡിറ്ററുടെയും പേരിൽ ബാങ്കിൽ ജോയ്ന്റ് അക്കൗണ്ട് തുടങ്ങേണ്ടതാണ്.

19:7 പരിഷത്തിന്റെ കേന്ദ്രനിർവാഹകസമിതിയുടെയും ജില്ലാനിർവാഹകസമിതിയുടെയും ബാങ്ക് അക്കൗണ്ടുകൾ ഓപറേറ്റ് ചെയ്യേണ്ടത് ജനറൽ സെക്രട്ടറി/ജില്ലാ സെക്രട്ടറിയുടെയും ട്രഷററുടെയും ജോയ്ന്റ് അക്കൗണ്ടിലൂടെ ആയിരിക്കേണ്ടതാണ്.

**20. പരിഷത്ത് പിരിച്ചുവിടൽ**

20:1 എല്ലാ യൂണിറ്റുകളിലെയും മൊത്തം അംഗസംഖ്യയുടെ 80 ശതമാനം അനുകൂലമായി വോട്ടുചെയ്താൽ മാത്രമേ പരിഷത്ത് പിരിച്ചുവിടാൻ പാടുള്ളു.

20:2 പിരിച്ചുവിടാനുള്ള പ്രമേയം കാണിച്ച് എല്ലാ അംഗങ്ങൾക്കും നോട്ടീസ് അയക്കണം.

20:3 ഈ പ്രമേയത്തിനുമാത്രം തപാൽവഴി വോട്ട് ചെയ്യാവുന്നതാണ്.

20:4 മേൽ വിവരിച്ച വകുപ്പുകൾക്ക് അനുസൃതമായി പരിഷത്ത് പിരിച്ചുവിടുകയാണെങ്കിൽ അതിന്റെ സ്ഥാവര-ജംഗമസ്വത്തുക്കൾ അന്നത്തെ ജനറൽ കൗൺസിൽ ഭൂരിപക്ഷപ്രകാരം തീരുമാനിക്കുന്ന സമാന സ്വഭാവമുള്ള ഏതെങ്കിലും സംഘടനക്ക്/സംഘടനകൾക്ക്/ഗവണ്മെന്റിന് നൽകേണ്ടതാണ്.

**21. പലവക**

21:1 നിർവാഹകസമിതി യോഗങ്ങളുടെയും കൗൺസിൽ യോഗങ്ങളുടെയും മിനിറ്റ്സ് അടുത്ത യോഗത്തിൽ അവതരിപ്പിച്ച് അംഗീകാരം നേടേണ്ടതാണ്.

21:2 വാർഷികറിപ്പോർട്ടും വരവുചെലവുകണക്കുകളും നിർവാഹകസമിതി അംഗീകരിക്കേണ്ടതാണ്.

21:3 പ്രസിദ്ധീകരണങ്ങളുടെയും പ്രസിദ്ധീകരണസമിതിയുടെയും യൂണിറ്റ്, മേഖലാ, ജില്ലാ കമ്മറ്റികളുടെയും മറ്റ് ഉപസമിതികളുടെയും വരവുചെലവുകണക്കുകൾ കേന്ദ്രനിർവാഹകസമിതി അംഗീകരിക്കേണ്ടതാണ്.

21:4 പ്രസിദ്ധീകരണങ്ങളുടെ പത്രാധിപന്മാരെയും പത്രാധിപസമിതി അംഗങ്ങളെയും മാനേജിംഗ് എഡിറ്റർമാരെയും പ്രസാധകരെയും പരിഷത്ത് ജനറൽകൗൺസിൽ യോഗം തെരഞ്ഞെടുക്കുന്നതായിരിക്കും.

21:5 പരിഷത്ത് പ്രസിദ്ധീകരണങ്ങളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുവാനും നിയന്ത്രിക്കുവാനും മെച്ചപ്പെടുത്തുവാനുമായി ഒരു പ്രസിദ്ധീകരണസമിതി ഉണ്ടായിരിക്കുന്നതാണ്. പരിഷത്തിന്റെ ആനുകാലികപ്രസിദ്ധീകരണങ്ങളുടെ എഡിറ്റർമാർ, മാനേജിംഗ് എഡിറ്റർമാർ,

പരിഷത്ത് പ്രസിഡണ്ട്, ജനറൽ സെക്രട്ടറി, ട്രഷറർ എന്നിവരും കേന്ദ്രനിർവാഹകസമിതി പ്രസിദ്ധീകരണങ്ങളുടെ ചുമതല ഏൽപ്പിക്കുന്നവരും അടങ്ങുന്നതാണ് പ്രസിദ്ധീകരണ സമിതി.

21:6 പ്രസിദ്ധീകരണങ്ങളുടെ പ്രവർത്തനം തൃപ്തികരമല്ലെന്ന് പ്രസിദ്ധീകരണസമിതിക്ക് ബോധ്യപ്പെടുന്ന അവസരങ്ങളിൽ അത് കേന്ദ്ര നിർവാഹകസമിതിക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്. ഈ റിപ്പോർട്ടിന്മേൽ യുക്തമായ നടപടികൾ കൈക്കൊള്ളാൻ കേന്ദ്ര നിർവാഹകസമിതിക്ക് അധികാരമുണ്ടായിരിക്കും.

22 **അച്ചടക്കം**

22:1 ഏതെങ്കിലും ഒരംഗം പരിഷത്തിന്റെ ഉത്തമ താല്പര്യങ്ങൾക്കും ഭരണഘടനയ്ക്കും എതിരായി പ്രവർത്തിക്കുന്നുവെന്ന് ബോധ്യപ്പെട്ടാൽ അയാളുടെമേൽ യുക്തമായ അച്ചടക്കനടപടികൾ എടുക്കുവാൻ കേന്ദ്ര നിർവാഹകസമിതിക്ക് അധികാരമുണ്ടായിരിക്കും. ഇത്തരം നടപടികൾക്കുമേൽ ജനറൽ കൗൺസിലിൽ അപ്പീൽ ബോധിപ്പിക്കുവാൻ ബന്ധപ്പെട്ട വ്യക്തികൾക്ക് അവകാശമുണ്ടായിരിക്കുന്നതാണ്.

22:2 ഏതെങ്കിലും യൂണിറ്റ്, മേഖലാ, ജില്ലാനിർവാഹകസമിതിയുടെ പ്രവർത്തനം പരിഷത്തിന്റെ ഭരണഘടനയ്ക്ക് അനുസൃതമല്ലെന്ന് ബോധ്യപ്പെട്ടാൽ ആ സമിതിയെ പിരിച്ചുവിട്ട് പുതിയ അഡ്ഹോക്ക് കമ്മറ്റിയെ നിശ്ചയിക്കുവാൻ കേന്ദ്രനിർവാഹകസമിതിക്ക് അധികാരമുണ്ടായിരിക്കും.

**CERTIFICATE OF REGISTRATION OF SOCIETIES ACT, XXI OF 1860**

**S.No.27 of 1967**

I hereby certify that ‘Kerala Sastra Sahitya Parishat, Calicut has this day been registered under the societies Registration Act, XXI of 1860.

Given under my hand at Kozhikode this 14th day of July, One thousand nine hundred and sixty nine.

Sd/-

DISTRICT REGISTRAR

(Seal)

KOZHIKODE

| | | |
|---|---|---|
| No. of society | : | S.No.27 of 1967 |
| Name of society | : | Kerala Sastra Sahitya Parishat |
| Name of document | : | Memorandum of Association |
| Serial No. | : | 1/67 |
| Date of Registration | : | 14-7-67 |

Sd/-

DISTRICT REGISTRAR

(Seal)

KOZHIKODE

// True copy //